# ദുരിതാശ്വാസ നിധിയിൽ നിന്ന് അരിവില ഈടാക്കും: പാസ്വാൻ

ന്യൂഡൽഹി ● പ്രളയകാലത്തു കേരളത്തിനു നൽകിയ അധിക അരിയുടെ വില കേന്ദ്ര ദുരിതാശ്വാസ നിധിയിൽ (എൻഡിആർഎഫ്) സംസ്ഥാനത്തിനുള്ള വിഹിതത്തിൽ നിന്ന് ഈടാക്കുമെന്നു കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ മന്ത്രി റാം വിലാസ് പാസ്വാൻ. കേരളത്തിൽ നിന്നെത്തിയ എംപിമാരുടെ സംഘത്തെയാണ് അദ്ദേഹം നിലപാടറിയിച്ചത്. 89,000 ടൺ അരി കേരളത്തിന് അധികം അനുവദിച്ചിരുന്നു. തൽക്കാലം വില ഈടാക്കാതെ നൽകാനായിരുന്നു എഫ്സിഐയ്ക്കു ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം നൽകിയ നിർദേശം. എന്നാൽ ഇതു സൗജന്യമായാണ് അനുവദിക്കുകയെന്നു പാസ്വാൻ പിന്നീടു മാധ്യമങ്ങളോടു പറഞ്ഞിരുന്നു. പ്രത്യേക സാഹചര്യം പരിഗണിച്ച് അധിക അരിക്കു വില വാങ്ങരുതെന്ന് എംപിമാർ ആവശ്യപ്പെട്ടെങ്കിലും മന്ത്രിയുടെ പ്രതികരണം അനുകൂലമായില്ല.

**Malayala Manorama**
**31 August 2018**
**New Delhi ;Flood,Rice Price will be ChargedFrom the Relief Fund**